**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5665 **03.11.2016**-ലെ മറുപടിക്ക്

<u>ഗവൺമെന്റ് പ്രീ മെട്രിക് ഹോസ്റ്റൽ വാർഡർമാരുടെ പ്രൊമോഷൻ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ഗവൺമെന്റ് പ്രീ മെട്രിക് ഹോസ്റ്റലുകളുടെ വാർഡർമാരുടെ ഡ്യൂട്ടി സമയത്തെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | നിലവിലുള്ള ചട്ടമനുസരിച്ച് വാർഡൻ തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടി സമയം 24 മണിക്കൂറാണ്. ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട കണക്കുകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുക, അന്തേവാസികളുടെ പഠനത്തിനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കുക, അടുക്കളയിലേയ്ക്കും മെസ്സിലേക്കുമുള്ള സാധനസാമഗ്രികൾ ലഭ്യമാക്കുക, ഹോസ്റ്റൽ പരിസരം ശുചിയായി സൂക്ഷിക്കുന്നുണ്ടെന്നും ഹോസ്റ്റലിലെ മറ്റു ജീവനക്കാർ ജോലി കൃത്യമായി ചെയ്യുന്നുവെന്നും ഉറപ്പുവരുത്തുക തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങളുടെ പൂർണ്ണമായ ചുമതല വാർഡനിൽ നിക്ഷിപ്തമാണ്. |
| (ബി) | മേൽപറഞ്ഞ വാർഡർമാർക്ക് നിലവിൽ പ്രൊമോഷനുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ പരിഷ്കരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിലെ വാർഡർമാർക്ക് കിട്ടുന്ന പ്രൊമോഷൻ പട്ടികജാതി വകുപ്പിലെ വാർഡർമാർക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | വാർഡർമാർക്ക് നിലവിൽ ഗ്രേഡ് പ്രൊമോഷനാണ് അനുവദിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ